പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1996   14.08.2017 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചരക്ക് സേവന നികുതി നിലവിൽ വന്നതുമൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ ക്കൾപ്പെടെ വൻ വിലക്കയറ്റ മുണ്ടായിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത നികുതിയുടെ മറവിൽ സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പം നടത്തുന്നതിന് ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന നടത്തി വരുന്നുണ്ട്. ഓണക്കാലത്ത് ജില്ലാ/ താലൂക്ക്/ സിറ്റി തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും, സംസ്ഥാന തലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ജി.എസ്.ടി യുടെ മറവിൽ സൃഷ്ടിക്കുന്ന വിലവർധന നിയന്ത്രി ക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | |
| (ഡി) ഉത്സവകാലം മുൻ നിറുത്തി സംസ്ഥാനത്തെ ജനങ്ങളെ ബുദ്ധിമുട്ടിക്കും വിധം നടത്തുന്ന കരിഞ്ചന്ത പോലുള്ളവ തടയുന്നതിന് എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ഉത്സവകാലത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി സംസ്ഥാന/ ജില്ലാ തല സ്പെഷ്യൽ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ